പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4204 — 21.07.2015 ലെ മറുപടിയ്ക്ക്

## കർഷകരുടെ മാതൃകാ സംരംഭങ്ങൾക്ക് പ്രോൽസാഹനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ടി.എൻ. പ്രതാപൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷി വകുപ്പിൻ കീഴിൽ കർഷകരുടെ മാതൃകാ സംരംഭങ്ങൾക്ക് പ്രോൽസാഹനം നൽകുന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) ഉണ്ട്. 'ആത്മ', 'ആത്മപ്ലസ്' എന്നിവയുടെ ഭാഗമായി കർഷകരുടെ മാതൃകാ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകി വരുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) ഇത്തരം പ്രോത്സാഹനം നൽകുന്നതു വഴി മാതൃകാ സംരംഭങ്ങൾ വികസിപ്പിക്കുന്ന കർഷകർക്ക് അംഗീകാരവും പ്രോത്സാഹനവും നല്കുന്നു. കൂടുതൽ കർഷകർക്ക് ഇത്തരത്തിൽ സംരംഭങ്ങൾ ആവിഷ്കരിക്കുവാനുള്ള പ്രചോദനം നല്കുന്നു. ഇതോടൊപ്പം മാതൃകാ സംരംഭങ്ങളുടെ പ്രചരണം വഴി മറ്റ് കർഷകർക്ക് അവ കണ്ട് മനസ്സിലാക്കുവാനും സ്വന്തം കൃഷിയിടങ്ങളിൽ പകർത്തുവാനും അവസരം ലഭിക്കുന്നു. |
| (സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; | (സി) കൃഷി വകുപ്പിൽ 'ആത്മ' പദ്ധതിയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കു പുറമേ കൃഷി വിജ്ഞാനകേന്ദ്രം, സി.പി.സി.ആർ.ഐ, കൃഷി അനുബന്ധ വകുപ്പിലെ ഉദ്യോഗസ്ഥർ, കാർഷിക അവാർഡ് നേടിയ കർഷകർ എന്നിവരെ മാതൃകാ സംരംഭങ്ങൾ തെരഞ്ഞെടുക്കുന്നതിനും അവർക്ക് വേണ്ട സാങ്കേതിക സഹായം നൽകുന്നതിനും വേണ്ടി പ്രത്യേക കമ്മിറ്റി (ഫാർമർ റിസർച്ച് കമ്മിറ്റി - FRC) അംഗങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | (ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

'ആത്മ', 'ആത്മപ്ലസ്' എന്നീ പദ്ധതികളുടെ ഭാഗമായി കർഷകരുടെ നൂതനവും മാതൃകാപരവുമായ സംരംഭങ്ങൾക്ക് പ്രോത്സാഹനമായി പ്രത്യേക ധനസഹായം നൽകി വരുന്നു. ആത്മ പദ്ധതിയിൽ ഇത്തരം സംരംഭങ്ങൾക്ക് സംസ്ഥാന തലത്തിൽ 25 ലക്ഷം രൂപയും ജില്ലാതലത്തിൽ ഓരോ ബ്ലോക്കിനും 0.50 ലക്ഷം രൂപയുമാണ് നൽകി വരുന്നത്. ഇത് സംസ്ഥാന തലത്തിലെ സാങ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമാണ്. 'ആത്മ പ്ലസ്' പദ്ധതിയിൽ പ്രധാനമായും 'സംയോജിത കാർഷിക സമ്പ്രദായ മാതൃകകൾ' (Integrated Farming System Models), 'കർഷകന്റെ നേതൃത്വത്തിലുള്ള സാങ്കേതിക വികസനം' (Farmer led Technology Development - FTD) എന്നീ ഘടകങ്ങളിലൂടെയാണ് മാതൃകാ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകി വരുന്നത്.

### സംയോജിത കാർഷിക സമ്പ്രദായ മാതൃകകൾ (IFS)

കാർഷിക അനുബന്ധ മേഖലകളുടെ പ്രവർത്തനം സംയോജിപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്ന മാതൃക കാർഷിക സമ്പ്രദായങ്ങൾ വികസിപ്പിക്കുന്നതിന് പ്രോജക്ടടിസ്ഥാനത്തിൽ ആകെ ചെലവിന്റെ 75%, പരമാവധി 40,000/- രൂപ, ധനസഹായമായി നൽകുന്നു. കുറഞ്ഞത് 50 സെന്റ് വിസ്തൃതിയുള്ള കൃഷിത്തോട്ടങ്ങൾക്ക് മുൻഗണന നൽകുന്നതാണ്. ആത്മ പ്രോജക്ട് ഡയറക്ടർ, ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ, ആത്മ പദ്ധതിയിലെ കാർഷിക അനുബന്ധ മേഖലകളിലെ പ്രതിനിധി എന്നിവരടങ്ങുന്ന വിദഗ്ധ സമിതിയാണ് അപേക്ഷകരെ തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുത്ത അപേക്ഷകൾ ബ്ലോക്ക് തല ഫാർമർ അഡ്വൈസിംഗ് കമ്മിറ്റി (FAC), ബ്ലോക്ക് തല ടെക്നോളജി ടീം (BTT) കമ്മിറ്റികൾ അംഗീകരിച്ച ശേഷം പദ്ധതി നടപ്പാക്കുന്നതാണ്.

### കർഷകന്റെ നേതൃത്വത്തിലുള്ള സാങ്കേതിക വിദ്യ വികസനം (FTD)

കാർഷിക മേഖലയിലെ വിഷയങ്ങളിൽ ഗവേഷണം നടത്തുവാനും നൂതന രീതികൾ വികസിപ്പിക്കുവാനും താത്പര്യമുള്ള കർഷകർക്ക് പ്രോജക്ട് പ്രൊപ്പോസലുകൾ സമർപ്പിക്കാവുന്നതാണ്. ജില്ലാ കൃഷി ഓഫീസർ അദ്ധ്യക്ഷനും 'ആത്മ' പദ്ധതിയിലെ പ്രോജക്ട് ഡയറക്ടർ, ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (E&T), അനുബന്ധ വകുപ്പിലെ ഓരോ പ്രതിനിധി, അവാർഡ് നേടിയ 3 കർഷകർ, കെ.വി.കെ. പ്രതിനിധി, അവാർഡ് നേടിയ ഒരു കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഒരു കൃഷി ആഫീസർ എന്നിവർ അംഗങ്ങളുമായ കർഷക ഗവേഷണ കമ്മിറ്റി (Farmer Research Committee (FRC) പ്രൊപ്പോസലുകൾ പരിശോധിച്ച് അർഹതപ്പെട്ടവയ്ക്ക് അംഗീകാരം നൽകുന്നു. ആകെ പ്രോജക്ട് അടങ്കലിന്റെ 75%, പരമാവധി 50,000/- രൂപയാണ്, ധനസഹായമായി നല്കുന്നത്.

**സെക്ഷൻ ഓഫീസർ**